**കേരളസർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം -ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ.പി.പ്രസന്നകുമാറിനെതിരെയുള്ള അച്ചടക്ക നടപടി - രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2355/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 23.09.2013**

---

പരാമർശം:- 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 16.08.2010-ലെ E4(VE. 17/2008/ALP) 18050/2008 നമ്പർ കത്ത്.

2. ശ്രീ.പി.പ്രസന്നകുമാറിനെതിരെയുള്ള 01.11.2010 തീയതിയിലെ 58633/ഇആർബി3/2010/തസ്വഭവ നമ്പർ കുറ്റപത്രികയും കുറ്റാരോപണ പത്രവും.
3. ശ്രീ.പി.പ്രസന്നകുമാർ 11.01.2011-ൽ സമർപ്പിച്ച പ്രതിവാദപത്രിക.
4. ഗ്രാമവികസന കമ്മീഷണറുടെ 02.06.2012, 15.04.2013 എന്നീ തീയതികളിലെ 10053/എസ്റ്റാ.എ2/2009/ഗ്രാ.വി.ക. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 2006-2007 വർഷത്തിലെ വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട്, പെർഫോമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടത് പ്രകാരം വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ, ആലപ്പുഴ യൂണിറ്റ് പ്രസ്തുത വിഷയത്തിന്മേൽ നടത്തിയ അന്വേഷണത്തിൽ. ടി പദ്ധതികളുടെ നടത്തിപ്പിൽ ക്രമക്കേടുകൾ നടന്നീട്ടുണ്ടെന്ന് കണ്ടെത്തുകയും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് പരാമർശം (1) പ്രകാരം വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ വനിതകൾക്ക് മൈക്രോ സംരംഭങ്ങൾ തുടങ്ങുവാനുള്ള ധനസഹായം കൊടുക്കുന്നതിന് 2006-07 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 152/2007 ആയി ആവിഷ്ക്കരിച്ച പദ്ധതിക്ക് 22.01.2008ൽ ഡി.പി.സി.യുടെ അംഗീകാരം കിട്ടിയിട്ടും ആറാട്ടുപുഴ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയ ശ്രീ.പ്രസന്നകുമാർ പദ്ധതി നടപ്പാക്കാതെ 1,00,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കൈവശം വെച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച

വരുത്തിയതിന് ടിയാന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയുണ്ടായി. ടി കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം ശ്രീ.പ്രസന്നകുമാർ പ്രതിവാദപത്രിക സമർപ്പിച്ചു. 18.02.2008-ന് സസ്പെൻഷനിൽ പോയ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സതീഷ്കുമാറിൽ നിന്നാണ് ടിയാൻ ചാർജ്ജെടുത്തതെന്നും, 2006-07-ലെ കേരള വികസന പദ്ധതിയിൽപ്പെട്ടതും എന്നാൽ ആവശ്യമായ അനുമതി ഡി.പി.സി.യിൽ നിന്ന് ലഭിക്കാത്തതു മൂലം നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രോജക്ടുകൾക്കായി ട്രഷറിയിൽ നിന്നും മാറിയ തുക സംബന്ധിച്ച വിവരവും ഡി.ഡി.യും ടിയാനെ സസ്പെൻഷനിൽ പോയ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.സതീഷ്കുമാർ ഏല്പിച്ചിരുന്നില്ലെന്നും 03.10.2008-ന് ലോക്കൽ ഫണ്ട് ആഡിറ്റ് നടന്ന സമയത്താണ് ടി കാര്യം ആഡിറ്റ് ഓഫീസർ മുഖാന്തിരം അിറഞ്ഞതെന്നും, ടി തുക തിരിച്ചടക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും വേണമെന്ന് ബാങ്കും ട്രഷറിയും ആവശ്യപ്പെട്ടതിനാൽ ആയ റ് ലഭ്യമാകാനുണ്ടായ കാലതാമസമാണ് തുക തിരിച്ചടയ്ക്കാൻ കാലതാമസം വന്നതെന്നും ആയതിനാൽ ശിക്ഷാ നടപടികളിൽ നിന്ന് ടിയാനെ ഒഴിവാക്കണമെന്നും ശ്രീ.പ്രസന്നകുമാർ തന്റെ പ്രതിവാദപത്രികയിൽ അപേക്ഷിച്ചിട്ടുണ്ട്.

ആലപ്പുഴ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2005-2006, 2006 -2007 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച വിവിധ പദ്ധതികളുടെ തുകകൾ ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി ആഡിറ്റിൽ കണ്ടു പിടിക്കപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പ്രസന്നകുമാറിനോട് ടി തുകകൾ ട്രഷറിയിൽ തിരിച്ചടക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ആയവ 29.12.2010-ൽ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ടെന്നും, തുകകൾ ഡ്രാഫ്റ്റായും, ബാങ്ക് അക്കൗണ്ടിലും സൂക്ഷിച്ചിരുന്ന സാഹചര്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.പ്രസന്നകുമാറിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ദുരുദ്ദേശപരമോ മനപൂർവ്വമോ അല്ലായെന്ന് ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.പി.പ്രസന്നകുമാർ സാമ്പത്തിക ലാഭം ലക്ഷ്യമിടുകയോ, സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ ടിയാന്റെ അച്ചടക്ക നടപടിയിന്മേൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം

കൈക്കൊള്ളാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിനായി നിർദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഇക്കാര്യത്തിനായി ട്രഷറിയിൽ നിന്നും വൻതുക പിൻവലിച്ച് പദ്ധതിക്കായി ഉപയോഗിക്കാതെ സ്വന്തം കൈയ്യിൽ സൂക്ഷിക്കുകയും ബാങ്കിൽ നിക്ഷേപിക്കുകയും പിന്നീട് പലിശ സഹിതം തിരികെ അടയ്ക്കുകയും ചെയ്യുന്നത് കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചയാണെന്നതിനാൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.പ്രസന്നകുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാന്റെ രണ്ട് വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.എൽ.സുരേഷ്കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പി.പ്രസന്നകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ